നം. എം. 4/85092/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 27.09.2017.
ഫോൺ: 0471 - 258 0595; msndpi@gmail.com.

# സർക്കുലർ

വിഷയം : പൊ.വി.വ. - സ്കൂൾ കുട്ടികളുടെ വിനോദയാത്രകളിൽ എല്ലാ വിദ്യാർത്ഥികൾക്കും പ്രാതിനിത്യം നൽകുന്നതിനെ - സംബന്ധിച്ച് -

സൂചന : കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നം: 4940/11/LA 2/2016/KeSCPCR, തീയതി: 04.11.2016 ഉത്തരവ്.

***************************

സ്കൂളുകളിൽ നടത്തുന്ന വിനോദയാത്രകൾ പഠനത്തിന് കൂടി ഉപകാരപ്പെടുമെന്നതിനാൽ അത്തരം പരിപാടികളിൽ സാമ്പത്തികമായി പിന്നോക്കം നിൽകുന്നവർക്ക് കൂടി അവസരം ലഭിക്കുന്ന രീതിയിൽ ക്രമീകരിക്കേണ്ടതാണ്. ഇത്തരം വിനോദയാത്രകൾ സംഘടിപ്പിക്കുമ്പോൾ ഉണ്ടാകാൻ ഇടയുള്ള അധിക സാമ്പത്തിക ബാധ്യത സ്കൂൾ പി.ടി.എ. കമ്മിറ്റി കണ്ടെത്തേണ്ടതാണ്. ഈ രീതിയിൽ വിനോദയാത്രകൾ സംഘടിപ്പിച്ച് മുഴുവൻ വിദ്യാർത്ഥികൾക്കും അവസര സമത്വം ഉറപ്പാക്കേണ്ടതാണ്. എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും ഇതുസംബന്ധിച്ച നിർദ്ദേശം പ്രഥമ അദ്ധ്യാപകർക്ക് നൽകേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതും, വിദ്യാഭ്യാസ ഉപഡയറക്ടർ ക്രോഡീകരിച്ച റിപ്പോർട്ട് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

JIMMY K. JOSE
ADPI (Academic)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).
5. രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ (കവറിംഗ് ലറ്റർ ഉൾപ്പെടെ)

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ / പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) / പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ - സി.എ. മുഖേന.
2. കരുതൽ ഫയൽ.